സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – 695 003.

## ലഘു ദർഘാസ് പരസ്യം

ശബരിമല ദേവസ്വത്തിലെ 1193-ാംമാണ്ട് (2017 –2018) മണ്ഡലം – മകര വിളക്ക് അടിയന്തിരങ്ങളോടനുബന്ധിച്ച് 1193 വൃശ്ചികം 1 മുതൽ 1193 തുലാം 30 വരെയുള്ള കാലയളവിലേക്ക് ആവശ്യമായ വഴിപാടു സാധനങ്ങൾ ആവശ്യമായ ഐറ്റങ്ങൾ എന്നിവ സപ്ലൈ ചെയ്യുന്നതിനും, ശബരിമല ദേവസ്വത്തിലും പമ്പ ദേവസ്വത്തിലും ആവശ്യാനുസരണം പ്രസാദ ഐറ്റങ്ങൾ തയ്യാർചെയ്ത് ഏൽപ്പിക്കുന്നതിനും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിനും തയ്യാറുള്ളവരിൽ നിന്നും ഇതുസംബന്ധിച്ച് ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള വിശദമായ പരസ്യത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മുദ്രവച്ച ടെന്ററുകൾ ക്ഷണിക്കുന്നു.

ടെന്ററുകൾ 07.09.2017 തീയതി പകൽ 10.45 മണിക്ക് മുമ്പായി തിരുവനന്തപുരത്തെ നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ടെന്ററുകൾ അന്നേ ദിവസം പകൽ 11.00 മണിക്ക് ഹാജരുള്ള ടെന്ററുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിച്ച് പരിശോധിക്കുന്നതാണ്. പൊതു നിബന്ധന / സ്പെഷ്യൽ നിബന്ധന എന്നിവ ഈ ഓഫീസിൽ (0471 2315156) നിന്ന് 50/- രൂപയ്ക്കും, വിശദ പരസ്യം സൗജന്യമായും ലഭിക്കുന്നതാണ്. ആയത് തപാൽ മുഖേന ആവശ്യമുള്ളവർ 50/- രൂപ മണിയോർഡർ ആയി അയച്ച് സ്വന്തം മേൽവിലാസം എഴുതിയ സ്റ്റാമ്പ് ഒട്ടിച്ച കവർ സഹിതം അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർ ഈ ഓഫീസിലോ, ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസിലോ പത്തനംതിട്ടയിലുള്ള ഓഫീസിലോ (04735 – 202026) ബന്ധപ്പെടേണ്ടതാണ്.

No. ROC 58 /17/Sab.

ദേവസ്വം കമ്മീഷണർ ഓഫീസ്
നന്തൻകോട്, തിരുവനന്തപുരം
തീയതി : 21/08/2017

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
ദേവസ്വം കമ്മീഷണർ

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – 695 003.

## ശബരിമല ദേവസ്വത്തിലെ 1193 എം.ഇ. (2017 – 2018) യിലെ വിവിധ കുത്തകകൾ – ദർഘാസ് പരസ്യം

## (1193 വൃശ്ചികം 1 മുതൽ 1194 തുലാം 30 വരെ കാലയളവിലേക്ക്)

_ശബരിമല ദേവസ്വത്തിലെ 1193 എം.ഇ. (2017 – 2018) യിലെ മണ്ഡലം – മകരവിളക്ക്, മേടവിഷു, മാസപൂജ, മറ്റ് പൂജകൾ ഇവയുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ ശബരിമല, പമ്പ ക്ഷേത്രങ്ങളിൽ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള ലിസ്റ്റിൽ വിവരിക്കുന്ന വിവിധ ഐറ്റങ്ങൾ സപ്ലൈ ചെയ്യുന്നതിനും ശബരിമലയിൽ ആവശ്യാനുസരണം അപ്പം, വെള്ളനിവേദ്യം, ശർക്കരപ്പായസവും പമ്പാ ദേവസ്വത്തിൽ മോദകം, അവൽ എന്നിവയും തയ്യാർ ചെയ്ത് ഏൽപിക്കുന്നതിനും, ശബരിമല, പമ്പ, സ്വാമി അയ്യപ്പൻപാത എന്നിവിടങ്ങളിൽ ബോക്സ് ടൈപ്പ് ഉച്ചഭാഷിണി പ്രവർത്തിപ്പക്കുന്നതിനും തയ്യാറുള്ളവരിൽ നിന്നും, ഈ പരസ്യത്തിൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകൾക്കും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പൊതു നിബന്ധനകൾക്കും സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായി മുദ്രവച്ച ടെന്ററുകൾ ക്ഷണിക്കുന്നു. ടെന്ററുകൾ 07.09.2017 തീയതി പകൽ 10.45 മണിക്ക് മുമ്പായി തിരുവനന്തപുരത്തെ നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ടെന്ററുകൾ അന്നേ ദിവസം പകൽ 11.00 മണിക്ക് ഹാജരുള്ള ടെന്ററുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിച്ച് പരിശോധിക്കുന്നതാണ്

ടെന്റർ എടുക്കുന്ന ആൾക്ക് അതാതു മേഖലയിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്. സപ്ലൈ ചെയ്യേണ്ട സാധനങ്ങളുടെ അളവ് കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യുന്നതിന് ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതും, അപ്രകാരം പ്രവർത്തിക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ആവശ്യപ്പെടുന്നതനുസരിച്ച് വേണം സാധനങ്ങൾ സപ്ലൈ ചേയ്യേണ്ടത്. സാധനങ്ങളുടെ സപ്ലൈ സംബന്ധിച്ച് ഇനം, ഏകമാനം, റേറ്റ് എന്നിവയും വഴിപാട് പാചകം സംബന്ധിച്ച് കൂട്ടടിസ്ഥാനത്തിലുള്ള റേറ്റും വെള്ളക്കടലാസിൽ രേഖപ്പെടുത്തി അതിൽ 10 രൂപയുടെ ദേവസ്വം സ്റ്റാമ്പ് ഒട്ടിച്ച് മുദ്രവച്ച കവറിൽ വേണം ടെന്ററുകൾ സമർപ്പിക്കേണ്ടത്. കൂടാതെ ഇതുസംബന്ധിച്ചുള്ള പൊതു നിബന്ധനകൾ / സ്പെഷ്യൽ നിബന്ധനകൾ എന്നിവ മനസ്സിലാക്കിയിട്ടുതാണെന്നും, ടെന്റർ അംഗീകരിക്കുന്ന പക്ഷം ആയത് അനുസരിച്ച് കൊള്ളാമെന്നും ഒരു സമ്മതപത്രം കൂടി ടെന്ററിനോടൊപ്പം ഹാജരാക്കേണ്ടതാണ്. പമ്പയിൽ ആവശ്യമുള്ള സാധനങ്ങൾ പമ്പയിലും ശബരിമലയിലേക്ക് ആവശ്യമായ സാധനങ്ങൾ ശബരിമലയിലും സപ്ലൈ ചെയ്യുന്നതിനുള്ള റേറ്റാണ് രേഖപ്പെടുത്തേണ്ടത്.

ഓപ്പൺ ടെന്റർ കവറിന്റെ മുകളിൽ ഇന്ന സാധനം സപ്ലൈ ചെയ്യുന്നതിന് / ഇന്ന വഴിപാട് തയ്യാറാക്കുന്നതിനുള്ള ടെന്റർ എന്ന രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ടെന്ററുകളോടൊപ്പം നിശ്ചിത നിരതദ്രവ്യം ക്യാഷായോ, ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ ഹാജരാക്കേണ്ടതാണ്.

ടെന്ററുകൾ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരകാരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഇതു സംബന്ധമായുള്ള കൂടുതൽ വിവരങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ പത്തനംതിട്ടയിലുള്ള ഓഫീസിൽ നിന്നോ ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്നോ (ഫോൺ : 0471 – 2315156, 04735 – 202026) പ്രവൃത്തി ദിനങ്ങളിൽ ഓഫീസ് സമയത്ത് നേരിട്ടോ ഫോൺ മുഖേനയോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

No. ROC 58/17/Sab.

| | |
|---|---|
| ദേവസ്വം കമ്മീഷണർ ഓഫീസ് | തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി |
| നന്തൻകോട്, തിരുവനന്തപുരം | (ഒപ്പ്) |
| തീയതി : 21/08/2017 | ദേവസ്വം കമ്മീഷണർ |

**സ്വാമി ശരണം**

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – 695 003.

**ശബരിമല ദേവസ്വത്തിലെ 1193–ാമാണ്ടത്തെ (2017 – 2018) അടിയന്തിരങ്ങളോടനുബന്ധിച്ച് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനും വഴിപാട് പാകം ചെയ്യുന്നതിന് ആൾ ഏർപ്പെടുത്തുന്നതിനുമുള്ള ടെന്റർ സംബന്ധിച്ച പൊതു നിബന്ധനകൾ / സ്പെഷ്യൽ നിബന്ധനകൾ :**

ശബരിമല ദേവസ്വത്തിലെ 1193-ാമാണ്ടത്തെ (2017 - 2018) മണ്ഡലം - മകരവിളക്ക്, മേടവിഷു, മറ്റ് അടിയന്തിരങ്ങളോടുനബന്ധിച്ച്. വിശദപരസ്യത്തിൽ പറയുന്ന ഐറ്റങ്ങൾക്ക് ടെന്റർ ക്ഷണിച്ച് ആൾ ഏർപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസ്, ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശദപരസ്യത്തിലെ വ്യവസ്ഥകൾക്കും താഴെ പറയുന്ന പൊതു നിബന്ധന, സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായാണ് ടെന്ററുകൾ സമർപ്പിക്കേണ്ടത്.

## പൊതു നിബന്ധനകൾ

1. മുദ്രവെച്ച ടെന്ററുകൾ 07.09.2017 പകൽ 10.45 ന് മുൻപായി തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിതസമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെന്ററുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ അടക്കം ചെയ്ത കവറിന്റെ പുറത്ത് ഇന്ന ഐറ്റത്തിലുള്ള ടെന്റർ എന്നുമാത്രം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
2. ടെന്ററിനോടൊപ്പം അതാത് ഐറ്റങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ക്യാഷായോ, ശബരില എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാൻഡ് ഡ്രാഫ്റ്റായോ (ക്രോസ് ചെയ്ത്) അടക്കം ചെയ്തിരിക്കണം.
3. ടെന്ററുകൾ 07.09.2017 തീയതി പകൽ 11.00 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
4. നിശ്ചിത നിരതദ്രവ്യം ഹാജരാക്കത്തവരുടെയും, സാമ്പിൾ ഹാജരാക്കേണ്ട ഐറ്റങ്ങൾക്ക് ആയത് ഹാജരാക്കാത്തവരുടെയും ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
5. ടെന്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെയുള്ളതായിരിക്കണം.
6. പമ്പയിൽ ആവശ്യമുള്ള സാധനങ്ങൾ പമ്പയിലും മറ്റ് സാധനങ്ങൾ ശബരിമല ദേവസ്വം മെയിൻ സ്റ്റോറിലും സപ്ലൈ ചെയ്യേണ്ടതാണ്.
7. ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.

8. ഏതെങ്കിലും ഐറ്റം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്.

9. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ, അതിലുപരിയോ ആയിരിക്കേണ്ടതാണ്.

10. ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം വരെ ആയിരിക്കണം. അറിയിപ്പുകിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ചവരുത്തിയ ടെന്ററുകാരൻ പരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.

11. സപ്ലൈ സാധനത്തിൽ കദളിപ്പഴം, പൂവൻപഴം, പേപ്പർ പ്ലേറ്റ് എന്നിവയുടെ ആകെ വിലയുടെ 10% വരുന്ന തുക ക്യാഷോ, ബാങ്ക് ഗ്യാരന്റിയോ ആയി കുത്തകയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ടെന്ററുകാരന്റെ സെക്യൂരിറ്റി ആയി ഹാജരാക്കേണ്ടതാണ്.

12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും, അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി മറ്റുവിധത്തിൽ നടപടി സ്വീകരിക്കുന്നതും, തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

13. ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

14. കുത്തകക്കാർക്ക് / ടെന്റുകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

15. കുത്തക / ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്..

16. കുത്തക / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം കോടതികളുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

## സ്പെഷ്യൽ നിബന്ധനകൾ

### 1. സാധനങ്ങളുടെ സപ്ലൈ കുത്തക

വഴിപാടുകൾ നടത്തുന്നതിലേക്ക് ആവശ്യമായ സാധനങ്ങളുടെ അളവും, തൂക്കവും, എണ്ണവും ചുവടെ ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഐറ്റങ്ങൾ സപ്ലൈ ചെയ്യിക്കാതിരിക്കാനോ, അളവ് / എണ്ണം കുറയ്ക്കുന്നതിനോ, ആവശ്യമായിവന്നാൽ കൂടുതലായി അവ സപ്ലൈ ചെയ്യിക്കുന്നതിനൊ കോൺട്രാക്ടറെ നിർദ്ദേശിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശമുണ്ടായിരിക്കുന്നതും, അതനുസരിക്കുന്നതിന് കോൺട്രാക്ടർ / ടെന്റർകാരൻ ബാദ്ധ്യസ്ഥനുമാണ്. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ

ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ അതിലുപരിയോ ആയിരിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത സാധനങ്ങൾ കൺട്രാക്ടർ / ടെന്ററുകാരൻ ഹാജരാക്കുകയും, ഒഴിച്ചുകൂടാൻ പറ്റാത്ത പരിതഃസ്ഥിതിയിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അതിന്മേൽ ടിയാന് പരാതിപ്പെടാൻ അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും, അതിൽവച്ച് ദേവസ്വം ബോർഡിന് ഉണ്ടാകുന്ന നഷ്ടം കുത്തക / ടെന്ററുകാരിൽനിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ അതിനവകാശമില്ലാത്തതുമാകുന്നു.

## 2. അപ്പം നിർമ്മാണം

10-11-2017 മുതൽ 31-10-2018 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 7 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ഏൽപ്പിക്കുന്നതിനുള്ള അവകാശം. :

1. 10-11-2017 മുതൽ 31-10-2018 വരെയുള്ള കാലയളവൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം - മകരവിളക്ക് മേടവിഷു, മാസപൂജ വിശേഷാൽ പൂജകളോടനുബന്ധിച്ച് നട തുറ ക്കുന്ന എല്ലാ അവസരങ്ങളിലും വഴിപാട് പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 7 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ഏൽപ്പിക്കേണ്ടതാണ്.

2. ഒരു കൂട്ട് അപ്പത്തിന് 70 കിലോഗ്രാം അരിപ്പൊടി, 30 കിലോഗ്രാം ശർക്കര, 1 കിലോഗ്രാം ചുക്കുപൊടി, 500 ഗ്രാം ജീരകപ്പൊടി, 11 ലിറ്റർ നെയ്യ്, 10 എണ്ണം കദളിപ്പഴം, 10 എണ്ണം പൂവൻപഴം എന്നീ കണക്കിൽ സാധനങ്ങൾ ചേർത്ത് ആവശ്യാനുസരണം ആൾക്കാരെ നിയോഗിച്ച് അപ്പം തയ്യാറാക്കുകയും ആയത് തണുത്തശേഷം ബട്ടർ പേപ്പർ കവറിൽ പായ്ക്ക് ചെയ്തു നൽകേണ്ടതാണ്.

3. മണ്ഡലം - മകരവിളക്ക് കാലയളവിൽ അപ്പം തയ്യാറാക്കുന്നതിന് 48 ഇലക്ട്രിക് അടുപ്പുകളും, 96 തെർമിക് ഫ്ളൂയിഡ് അടുപ്പുകളം 55 ഗ്യാസ് അടപ്പുകളും, ആയത് പ്രവർത്തിക്കുന്നതിനുള്ള ഇന്ധനവും ഡിപ്പാർട്ട്മെന്റ് നൽകുന്നതാണ്. കുംഭം, തുലാം ഒഴികെയുള്ള മാസപൂജ വേളകളിൽ ദേവസ്വം ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കു വിധേയമായി 40 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും, തുലാം, കുംഭം മാസങ്ങളിൽ 60 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും, വിഷുവിന് 80 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും നൽകുന്നതാണ്.

4. മണ്ഡലം - മകരവിളക്ക് കാലയളവിൽ ഇലക്ട്രിക്, തെർമിക് ഫ്ളൂയിഡ്, ഗ്യാസ് കാരകളിലേക്ക് പ്രത്യേകം പ്രത്യേകം റേറ്റ് ക്വാട്ടുചെയ്ത ടെന്ററുകളും മേട വിഷു, മാസ പൂജ, ഉത്സവം തുടങ്ങി മറ്റ് നട തുറന്നിരിക്കുന്ന ദിവസങ്ങളിലേക്ക് പ്രത്യേകം റേറ്റ ക്വാട്ടുചെയ്ത ടെന്ററും സമർപ്പിക്കേണ്ടതാണ്. വ്യത്യസ്ത ഐറ്റങ്ങളുടെ ഇ.എം.ഡി. സെക്യൂരിറ്റി തുക സംബന്ധിച്ചിള്ളു വിശദ വിവരം പാരഗ്രാഫ് 16 ൽ ചേർത്തിട്ടുള്ളതാണ്.

5. അപ്പം തയ്യാറാക്കുന്നതിന് ഏറ്റുവാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കുന്നുണ്ടെന്നും, പായ്ക്കിംഗിനായി ഏറ്റുവാങ്ങുന്ന ബട്ടർപേപ്പർ ബാഗുകൾ നഷ്ടപ്പെടാതെയും, ദുരുപയോഗം ചെയ്യാതെയും, പായ്ക്കിംഗ് വേളകളിൽ പൊട്ടിപോകാതെയും കൈകാര്യം ചെയ്യേണ്ടുന്ന ബാദ്ധ്യത കാരാറുകാരനുള്ളതാണ്. ഇക്കാര്യത്തൽ

എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടമുണ്ടായാൽ ആയതിന്റെ ബാദ്ധ്യത കുത്തകക്കാരനായിരിക്കും.

6. അപ്പം തയ്യാറാക്കുന്നതിന് ആവശ്യമായ ടി. ചേരുവകകളും, പായ്ക്കിംഗിന് ആവശ്യമായ ബട്ടർ പേപ്പർ ബാഗുകളും ഡിപ്പാർട്ടുമെന്റിൽനിന്നും യാഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതും, ആയത് കോൺട്രാക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേണ്ടതുമാണ്.

7. ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറോ, ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിർദ്ദേശിക്കുന്നതിനനുസരിച്ച് മുൻകൂട്ടി ശബരിമലയിലെത്തി അവിടെ സജ്ജീകരിച്ചിട്ടുള്ള ഇലക്ട്രിക് / തെർമിക് ഫ്ളൂയിഡ് / ഗ്യാസ് അടുപ്പുകളിൽ, മേൽ പ്രതിപാദിച്ച ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് 5922 എണ്ണം ലഭിക്കത്തക്കവിധം വലിപ്പത്തിൽ അപ്പം തയ്യാറാക്കേണ്ടതും, 7 എണ്ണം വീതം ഓരോ കവറിൽ നിറച്ച് 846 പായ്ക്കറ്റ് അപ്പം എന്ന ക്രമത്തിൽ വിതരണത്തിനു സജ്ജമാക്കി സ്പെഷ്യലാഫീസറെ ഏൽപ്പിക്കേണ്ടതുമാണ്. 5922 എണ്ണത്തിൽ കൂടുതലായി ലഭിക്കുന്ന അപ്പവും സ്പെഷ്യലാഫീസറെ ഏൽപിക്കേണ്ടതാണ്.

8. കരാർ ഏറ്റെടുക്കന്ന ആളോ, ടിയാൻ എക്സിക്യൂട്ടീവ് ഓഫീസറുടെ അനുവാദത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അപ്പം തയ്യാറാക്കുന്ന അവസരങ്ങളിൽ ശബരിമലയിൽ സന്നിഹിതനായിരിക്കണം.

9. നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമയ അപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തയ്യാറാക്കി പായ്ക്ക് ചെയ്ത് ഏൽപ്പിക്കേണ്ടതും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

10. അപ്പം തയ്യാറാക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും 8 മണിക്കൂർ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 3 ഷിഫ്റ്റുകളായി ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതും, ഇതിലേക്ക് ആവശ്യമായ ആൾക്കാരെ കരാറുകാന്റെ സ്വന്തം ഉത്തരവാദിത്വത്തൽ നിയോഗിക്കണ്ടതുമാണ്. ഇപ്രകാരം നിയോഗിക്കുന്നവർക്കുളള ഭക്ഷണവും, ലഭ്യമായ താസമ സൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

ചുവടെ വിവരിക്കുന്ന ക്രമം ജീവനക്കാരെ എങ്കിലും എല്ലാ കാരകളും മുഴുവൻ സമയവും പ്രവർത്തിപ്പിക്കേണ്ട അവസരങ്ങളിൽ കുത്തകക്കാരൻ നിയോഗിക്കേണ്ടതാണ്.

| കാലയളവ് | ഇനം | കുത്തകക്കാരൻ നിയോഗിക്കേണ്ട ജീവനക്കാരുടെ എണ്ണം |
|---|---|---|
| മണ്ഡലം-മകരവിളക്ക് | ഇലക്ട്രിക് കാര (49 എണ്ണം) | 72 |
| | തെർമിക് ഫ്ളൂയിഡ് (96 എണ്ണം) | 144 |
| | ഗ്യാസ് (55 എണ്ണം) | 165 |
| മേട വിഷു (സ്റ്റീം അടുപ്പുകൾ) | | 132 |
| കുംഭം, തുലാമാസപൂജ കാലയളവ് (60 തെർമിക് ഫ്ളൂയിഡ് അടുപ്പുകൾ) | | 30 |
| മറ്റ് മാസപൂജകൾ, മറ്റ് നട തുറക്കുന്ന വിശേഷങ്ങൾ (40 തെർമിക് ഫ്ളൂയിഡ് അടുപ്പുകൾ) | | 20 |
| | | |

ക്ലീനിംഗിനും, മാവ് കുഴക്കുന്നതിനും, പായ്ക്കിംഗിനും ആവശ്യത്തിന് ആൾക്കാരെയും നിയോഗിക്കേണ്ടതാണ് (ഏകദേശം 100 പേർ)

11. അപ്പം തയ്യാറാക്കലും, പായ്ക്കിംഗ് ജോലികളും മേൽ വിവരിച്ചപ്രകാരം ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാപ്പകൽ (ആവശ്യമുള്ളപക്ഷം) തുടർച്ചയായി നിർവ്വഹിക്കേണ്ടതും ജോലിക്കാരിൽ ആരെങ്കിലും ജോലിയിൽ ഉദാസീനത കാണിക്കുകയോ, ചുതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതൽ നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഉടനടി നീക്കം ചെയ്ത് പകരം ആളെ നിയോഗിക്കേണ്ടതാണ്.

12. അപ്പം പ്ലാന്റിലും, പായ്ക്കിംഗ് ഏരിയായിലും ജോലി നോക്കുന്ന ജോലിക്കാർ കൃത്യനിഷ്ഠതയോടെയും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈയ്യുറയും ധരിക്കേണ്ടതുമാണ്.

13. അപ്പം പാചകം ചെയ്യുന്നതും, പായ്ക്ക് ചെയ്യുന്നതുമായ സ്ഥലവും പരിസരപ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. യാതൊരുവിധ ലഹരി പദാർത്ഥങ്ങളും ആരുംതന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാരം ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

14. ടി. ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിപ്പെടുന്നവർക്കും ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കേണ്ടതാണ്.

15. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഐഡന്റിറ്റി കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വസികളായിക്കേണ്ടതും, അവരുടെ വിശദവിവരം മുൻകൂട്ടി എക്സിക്യൂട്ടീവ് ഓഫീസറെ അറയിക്കേണ്ടതുമാണ്.

16. ടെന്ററിനൊപ്പം ചുവടെ വിവരിക്കുന്ന പ്രകാരം തുകൾക്കുള്ള ദേവസ്വം കമ്മീഷണറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതാണ്. കൂടാതെ ടെണ്ടർ ലഭിക്കുന്നപക്ഷം ഹാജരാക്കേണ്ട സെക്യൂരിറ്റിയുടെ വിവരവും ചുവടെ ചേർക്കുന്നു.

| ഇനം | ഇം.എം.ഡി | സെക്യൂരിറ്റി |
|---|---|---|
| മണ്ഡലം - മകരവിളക്ക് : ഗ്യാസ് | 25,000 | 1,00,000 |
| മണ്ഡലം - മകരവിളക്ക് : ഇലക്ട്രിക്കൽ | 25,000 | 1,00,000 |
| മണ്ഡലം - മകരവിളക്ക് : സ്റ്റീം | 50,000 | 2,00,000 |
| മേടവിഷു, മാസപൂജ, മറ്റ് ദിവസങ്ങൾ : സ്റ്റീം | 10,000 | 50,000 |

17. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ ശബരമലയിൽ എത്തിച്ചേർന്നു. കഴി ഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരുവിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

18. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിര തദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലാ യോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറു കരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധി കാരം ഉണ്ടായിരിക്കുന്നതാണ്.

19. ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം ആ വിഷയത്തിൽ ദേവസ്വം ബോർഡ് തീരുമാനം അന്തിമമായിരി ക്കും.

20. അപ്പം തയ്യാറാക്കുന്നതിനും, പായ്ക്ക് ചെയ്യുന്നതിനും പ്രപ്തിയുള്ളവരെ മാത്രം കരാ റുകാരൻ നിയോഗിക്കേണ്ടതാണ്. കൂടാതെ തൊഴിലാളികളിൽ ഭൂരിഭാഗവും മുൻപരിച യമുള്ളവരുമായിരിക്കണം. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് ടെന്റ റുകാരന് പ്രാപ്തിയുണ്ടെന്ന് ബോദ്ധ്യപ്പെടാത്തപക്ഷം പ്രസ്തുത ടെന്റർ നിസിക്കുന്ന തിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. അപ്പം നിർമ്മാണത്തിന്റെ അപാകതമൂലം ദേവസ്വം ബോർഡിന് എന്തെങ്കിലും നഷ്ടമു ണ്ടായാൽ ആയത് കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കു ന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉണ്ടായിരിക്കുന്ന താണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ നൽപ്പേരിന് ഉണ്ടാകുന്ന കളങ്കം പരിഹരി ക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ടപരിഹാരവും നൽകേണ്ടതാണ്.

## 3. വെള്ളനിവേദ്യം, ശർക്കരപ്പായസം : പാകം ചെയ്യുന്നതിനുള്ള അവകാശം

ശബരിമല ക്ഷേത്രനട തുറക്കുന്നതുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ ശബരിമല ദേവസ്വത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കീഴ്പതിവു പോലെ ജോലി നടത്തിക്കേണ്ടതാണ്. പാചകത്തിൽ പാകപ്പിഴ വരുന്നപക്ഷം അതുമുലമു ണ്ടാകുന്ന നഷ്ടം കുത്തകക്കാരിൽ നിന്നും ഈടാക്കുന്നതായിരിക്കും. ഓരോ യിനം വഴി പാട് തയ്യാറാക്കുന്നതിനാവശ്യമായ പാചകക്കാരെ എക്സിക്യൂട്ടീവ് ഓഫീസർ തരുന്ന നിർദ്ദേശമനുസരിച്ച് കുത്തകക്കാരൻ / ടെന്ററകാരൻ ഏർപ്പാടു ചെയ്യേണ്ടാതണ്. ഇപ്ര കാരം ഏർപ്പാടുചെയ്തുകൊണ്ടുവരുന്ന പാചകക്കാർക്ക് 8 മണിക്കൂർ ഷിഫ്റ്റ് കൊടുക്കേ ണ്ടതാണ്. പാചകക്കാരൻ വെള്ളനിവേദ്യം, ശർക്കരപ്പായസം പാകം ചെയ്യുന്നതിന് പരിച യവും പ്രാപ്തിയും ഉള്ളവരായിരിക്കണം. മേൽപ്രകാരം ചെയ്യാതെ വീഴ്ചവരുത്തുകയും, വഴിപാടുകൾക്ക് തന്മൂലം ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ കൂടു

തലായി വേണ്ടിവരുന്ന ആളുകളെ ജോലിക്ക് നിയോഗിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശം ഉണ്ടായിരിക്കുന്നതും, അതിൽവച്ചുണ്ടാകുന്ന അധിക ചെലവിന് കുത്തകക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. വഴിപാട് സാധനങ്ങൾ തയ്യാറാക്കുന്നതിന് കുത്തകക്കാർ / ടെന്റർകാർ ഏർപ്പെടുത്തുന്ന പാചകക്കാർക്ക് ദേവസ്വം മെസ്സിൽ നിന്നും ആഹാരം സൗജന്യമായി കൊടുക്കുന്നതാണ്..

വഴിപാടുകൾ ആവശ്യാനുസരണം രാപകൽ ഭേദമമന്യ തുടർച്ചയായി പാകം ചെയ്യേണ്ടതാണ്. കുത്തകക്കാരൻ ഏർപ്പെടുത്തുന്നവരിൽ ആരെങ്കിലും ജോലിക്ക് ഉദാസീനത കാണിക്കുകയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശത്തെ അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതലിന് നഷ്ടം വരുത്തുകയോ ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ അവരെ നീക്കം ചെയ്ത് ഉടൻ കുത്തകക്കാൻ പകരം ആളെ നിയോഗിക്കേണ്ടതാണ്. ആവക ചുമതലകൾ ദേവസ്വം ബോർഡിന് ഇല്ലാത്തതുമാകുന്നു.

## 4. മോദകം, അവൽ : പാകം ചെയ്യുന്നതിനുള്ള കുത്തക

ശബരിമല ക്ഷേത്രനട തുറക്കുന്നതുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ പമ്പ ദേവസ്വത്തിലെ ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കീഴ്പതിവുപോലെ ജോലി നടത്തിക്കേണ്ടതാണ്. വെള്ളനിവേദ്യം, ശർക്കരപ്പായസം പാകം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും മോദകം, അവൽ ഇവ പാകം ചെയ്യുന്നതിനും ബാധകമാണ്

## 5. പേപ്പർ പ്ലേറ്റ്

400 gsm അലുമിനിയം ഫോയിൽഡ് പേപ്പർ പ്ളേറ്റ് 7" x 8" size or 8" round size ടെന്ററിനോടൊപ്പം സാമ്പിൾകൂടി ഹാജരാക്കേണ്ടതാണ്.

## 6.ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം

ശബരിമല 1193 ലെ മഹോത്സവവുമായി ബന്ധപ്പെട്ട് ക്ഷേത്രനട തുറക്കുന്നതുമായി ദിവസങ്ങളിൽ ശബരിമല, പമ്പ എന്നിവടങ്ങളിൽ ബോക്സ് ടൈപ്പ് ഉച്ചഭാഷിണി ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം.ടെൻഡറിനോടൊപ്പം 50,000/ രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്.

## 7.റാക്കില

ശബരിമല 1193 ലെ മഹോത്സവവുമായി ബന്ധപ്പെട്ട് ക്ഷേത്രനട തുറക്കുന്നതുമായി ദിവസങ്ങളിൽ ശബരിമലയിലേക്ക് ആവശ്യമായ റാക്കില ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. ടെൻഡറിൽ 1000 എണ്ണത്തിന് എന്ന ക്രമത്തിലാണ് തുക രേഖപ്പെടുത്തേണ്ടത്.

## 8. തേൻ

_ശബരിമല 1193 ലെ മഹോത്സവവുമായി ബന്ധപ്പെട്ട് ക്ഷേത്രനട തുറക്കുന്നതുമായി ദിവസങ്ങളിൽ ശബരിമലയിലെ പ്രസാദനിർമ്മാണത്തിന് ആവശ്യമായ തേൻ ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. ടെൻഡറിനോടൊപ്പം സാമ്പിൾ ഹാജരാക്കേണ്ടതാണ്.

**വഴിപ്പാട് സാധനങ്ങളുടെ സപ്ലൈ, നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ ഇനം ആവശ്യമായ അളവ് ,ഇ.എം.ഡി തുക എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.**

| ക്രമനമ്പർ | ഇനം | ആവശ്യമായ അളവ് | നിരതദ്രവ്യം |
|---|---|---|---|
| 1. | കദളിപ്പഴം | 3,60,000 എണ്ണം | 25,000/- |
| 2. | പൂവൻപ്പഴം | 1,20,000 എണ്ണം | 25,000/- |
| 3. | പേപ്പർപ്ലേറ്റ് | 6,50,000 എണ്ണം | 25,000/- |
| 4. | തേൻ | 3250 ലിറ്റർ | 20,000/- |
| 5. | പ്ലാസ്റ്റിക്ക് ചാക്ക് | 35,000 എണ്ണം | 5,000/- |
| 6. | നാളികേരം | 85,000 എണ്ണം | 5,000/- |
| 7. | കുങ്കുമം | 750 കിലോഗ്രാം | 1000/- |
| 8 | ബിസ്കറ്റ് | 70,00,000 എണ്ണം | 25,000/- |
| 9 | റാക്കില | 1,65,00,000 എണ്ണം | 5,000/- |
| 10 | വെള്ളനിവേദ്യം, ശർക്കര പായസം | - | 10,000/- |
| 11 | അവൽപ്രസാദം | - | 5,000/- |
| 12 | മോദകം | - | 5,000,/- |

No. ROC 58/17/Sab.

ദേവസ്വം കമ്മീഷണർ ഓഫീസ്
നന്തൻകോട്, തിരുവനന്തപുരം
തീയതി : 21/08/2017

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
ദേവസ്വം കമ്മീഷണർ